**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4123** **03-03-2023 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീയ്ക്ക് അന്താരാഷ്ട്ര സുവർണ പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നൂതന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന മികച്ച ജനസേവന പരിപാടികൾക്കായി കോമൺ വെൽത്ത് അസോസിയേഷൻ ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് നൽകുന്ന അന്താരാഷ്ട്ര സുവർണ പുരസ്കാരം കുടുംബശ്രീയ്ക്ക് ലഭിച്ചിട്ടുണ്ടോ; ലോകത്തിലെ എത്ര രാജ്യങ്ങളിൽ നിന്നുള്ള എൻട്രികളോട് മത്സരിച്ചിട്ടാണ് കുടുംബശ്രീ ഈ പുരസ്കാരം നേടിയെടുത്തതെന്ന് അറിയിയ്ക്കാമോ; | (എ) | കോമൺവെൽത്ത് അസോസിയേഷൻ ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് നൽകുന്ന അന്താരാഷ്ട്ര സുവർണ്ണ പുരസ്കാരം കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. ആകെ മത്സരിച്ച എൻട്രികളുടെ വിവരം ഔദ്യോഗിക രേഖപ്രകാരം ലഭ്യമല്ല. |
| (ബി) | ഭൂരിപക്ഷം ഇതര സംസ്ഥാനങ്ങളിലെയും സ്ത്രീജീവിതം ദുരിതപൂർണ്ണമായി തുടരുമ്പോഴും കേരളത്തിലെ സ്ത്രീകൾക്ക് അന്തസ്സായി ജീവിതം നയിക്കുന്നതിനും ഭരണത്തിലും കുടുംബത്തിലും നിർണ്ണായക സ്ഥാനം വഹിക്കുന്നതിനും കുടുംബശ്രീ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | വിലയിരുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ വിജയിച്ച സ്ത്രീകളിൽ 80% പേരും കുടുംബശ്രീയിൽ നിന്നുമുള്ളവരാണ്. കൂടാതെ എല്ലാ മൂന്നു വർഷം കൂടുംതോറും കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി വരുന്നുണ്ട്. ഇപ്രകാരം 1070 സിഡിഎസ് ചെയർപേഴ്സൺമാരും, 19,470 വാർഡുകളെ പ്രതിനിധീകരിച്ചുള്ള സിഡിഎസ് മെമ്പർമാരും അത്രയും വാർഡുകളിലെ എഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി തുടങ്ങിയവരെ കൂടാതെ ആറ് ലക്ഷത്തോളം അയൽക്കൂട്ട പ്രസിഡന്റുമാരേയും തെരഞ്ഞെടുത്തിട്ടുണ്ട്. ഇതു കൂടാതെ കുടുംബശ്രീയുടെ വ്യത്യസ്ത പ്രവർത്തനങ്ങളുടെ നേതൃ സ്ഥാനത്ത് കുടുംബശ്രീ അംഗങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുസമൂഹത്തിലേക്ക് ഇറങ്ങുവാൻ മടിച്ചു നിന്നവരായ സ്ത്രീകൾ ഇന്ന് ബാങ്കുകൾ, സ്കൂളുകൾ, കോളേജുകൾ ഉൾപ്പെടെ സമൂഹത്തിന്റെ സർവ്വ മേഖലകളിലും എത്തിക്കുന്നതിന് കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. |

സ്കൂൾ പാഠപുസ്തക വിതരണം, മെട്രോ റെയിൽവേയിലെ ഫെസിലിറ്റേഷൻ ഉൾപ്പെടെയുള്ള പല പ്രധാന മേഖലകളിലും കുടുംബശ്രീയുടെ ഇടപെടലുകൾ കാരണം സ്ത്രീ സാന്നിദ്ധ്യം ഉണ്ടായിട്ടുണ്ട്. ഡോ. കെ.പി.കണ്ണന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളിലൂടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക വഴി ഭരണ നിർവ്വഹണ പാടവശേഷി നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

2. അവകാശങ്ങളും, ചുമതലകളും സംബന്ധിച്ച് അവബോധം സ്ത്രീകളിൽ സൃഷ്ടിക്കുകയും അവ നേടിയെടുക്കുന്നതിനുള്ള ഇച്ഛാശക്തി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3. സ്ത്രീകൾക്ക് പൊതു യോഗങ്ങളിൽ സംസാരിക്കുന്നതിനും അഭിസംബോധന ചെയ്യുന്നതിനുമുള്ള വിമുഖത മാറ്റുവാൻ സഹായകമായിട്ടുണ്ട്.

4. സർക്കാർ സേവനങ്ങളെ സംബന്ധിച്ചും അവ നേടുന്നതിനുമുള്ള അറിവും കഴിവും സ്ത്രീകളിൽ വർദ്ധിച്ചിട്ടുണ്ട്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും പങ്കെടുക്കുന്നതിനുമുള്ള സ്ത്രീകളുടെ കഴിവ് വികസിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനിതാ ജനപ്രതിനിധികളായി തെരഞ്ഞെടുത്തവരിൽ 80%-വും കുടുംബശ്രീ അംഗങ്ങളാണ്. സ്ത്രീകളുടെ ആത്മാഭിമാനം വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീ കാരണമായിട്ടുണ്ട്.

6. സ്ത്രീകൾക്ക് യാത്ര ചെയ്യുന്നതിനുള്ള സ്വാശ്രയത്വവും സ്വാതന്ത്ര്യവും വർദ്ധിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് വാഹനം ഓടിക്കുന്നതിനും സ്വയമായി വാഹനം സ്വന്തമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

7. സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ ഇടപെടാനുള്ള കഴിവും അവരുടെ പങ്കാളിത്തവും വർദ്ധിച്ചിട്ടുണ്ട്.

8. സ്ത്രീകൾക്ക് സ്വന്തമായി കൂടുതൽ ആസ്തികൾ നേടുന്നതിന് കാരണമായിട്ടുണ്ട്.

9. അയൽക്കൂട്ടത്തിലെ മിതവ്യയ സമ്പാദ്യത്തിലൂടെ സ്ത്രീകൾക്ക് കൂടുതൽ സാമ്പത്തിക ശാക്തീകരണം

| | | | |
|---|---|---|---|
| | | | നേടുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>10. കുടുംബശ്രീ സംവിധാനത്തിലൂടെ കൂടുതൽ വരുമാനം നേടുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം നേടുകയും ഒരു കാലത്ത് പുരുഷന്മാർ മാത്രം ചെയ്തിരുന്ന തൊഴിലുകൾ സ്ത്രീകൾ ചെയ്യുന്നതിനും അപ്രകാരം വ്യത്യസ്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീ സംവിധാനം തൊഴിലുറപ്പ് പോലുള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ കായിക അദ്ധ്യാനമുള്ള പ്രവർത്തനങ്ങളിലും വരുമാനദായക പ്രവർത്തനങ്ങളിലും ഏർപ്പെടാൻ സ്ത്രീകളെ സഹായിച്ചിട്ടുണ്ട്.<br><br>11. കുടുംബശ്രീ സംവിധാനത്തിലൂടെ കാർഷിക മേഖലകളിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ